## പതിനാലാം കേരള നിയമസഭ

### പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5321 15-11-2019 ൽ മറുപടിയ്ക്ക്

### സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിലെ ജനറൽ മാനേജർ തസ്തിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എൻ. ഷംസുദ്ദീൻ | | ശ്രീ. കെ.ടി. ജലീൽ<br>(ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാന ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിൽ പുതുതായി അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ; | (എ) | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷനിൽ ജനറൽ മാനേജർ തസ്തികയിലേയ്ക്ക് 2019 ഫെബ്രുവരിയിൽ അപേക്ഷ ക്ഷണിച്ചിരുന്നു. അപേക്ഷ 24.02.2019 ലെ മലയാള മനോരമ പത്രത്തിലും, 27.02.2019 ലെ മാധ്യമം പത്രത്തിലും പ്രസിദ്ധീകരിച്ചിരുന്നു. കൂടാതെ കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ ഔദ്യോഗിക വെബ്സൈറ്റിലും നൽകിയിരുന്നു. |
| (ബി) | അപേക്ഷിക്കുവാനുള്ള യോഗ്യതയും എത്രപേർ അപേക്ഷ നൽകിയെന്നും സംബന്ധിച്ചുള്ള വിശദാംശം നൽകുമോ; | (ബി) | ജനറൽ മാനേജർ തസ്തികയുടെ യോഗ്യത താഴെ പറയും പ്രകാരമാണ്.<br>Graduate with MBA preferably specialization in Marketing and Finance or HR/CA/CS/ICWAI/B.Tech with PGDBA with 3 years experience..<br><br>22 പേർ അപേക്ഷ നൽകിയിരുന്നു. |
| (സി) | പ്രസ്തുത അപേക്ഷ സമർപ്പിച്ചവരിൽ നിന്നും ആരെയാണ് നിയമിച്ചത് ; വ്യക്തമാക്കാമോ ? | (സി) | അപേക്ഷ സമർപ്പിച്ചവരിൽ നിന്ന് ശ്രീമതി.എസ്. അനീഷ, റഹ്മത്ത് നിവാസ്, നെട്ടയം പി.ഒ., പൊയപ്പള്ളി, കൊല്ലം. എന്ന അപേക്ഷകയേയാണ് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിച്ചത്. |

സെക്ഷൻ ഓഫീസർ